**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5059** | **27.06.2019-ൽ മറുപടിക്ക്** |
|---|---|

**കുട്ടികൾക്കെതിരെയുള്ള അക്രമം**

| | **ചോദ്യം**<br>**ശ്രീ.എം. രാജഗോപാലൻ** | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|---|---|
| (എ) | സംസ്ഥാനത്തുടനീളം കുട്ടികൾക്ക് സ്വന്തം വീട്ടുകളിൽ നിന്ന് ഉൾപ്പെടെ വ്യാപകമായ തോതിൽ അക്രമം നേരിടേണ്ടി വരുന്നത് തടയാൻ കർശനമായ നടപടികൾ ഉണ്ടാകുമോ; | (എ) | സംസ്ഥാനത്ത് കുട്ടികൾക്ക് എതിരെയുള്ള അക്രമങ്ങൾ തടയുന്നതിനായി സാമൂഹ്യനീതി വകുപ്പ്, ജില്ല ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ചൈൽഡ് ലൈൻ എന്നീ ഏജൻസികളുമായി ചേർന്ന് ഫലപ്രദമായ രീതിയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ഇത്തരം പ്രവർത്തികൾ ഏതെങ്കിലും ഭാഗത്തു നിന്നും ഉണ്ടാകുന്നപക്ഷം അത്തരം കുറ്റക്കാർക്കെതിരെ Indian Penal Code, Protection of Children from Sexual offence Act, Juvenile Justice Act എന്നീ നിയമങ്ങളിലെ വിവിധ വകുപ്പുകൾ പ്രകാരം കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | അന്യസംസ്ഥാനങ്ങളിലെ കുട്ടികളെ വീട്ടുകളിൽ ജോലിക്ക് നിർത്തി ചൂഷണം ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകളിൽ ഊർജ്ജിതമായ അന്വേഷണം നടത്തി കുറ്റക്കാർക്ക് പരമാവധി ശിക്ഷ ലഭിക്കത്തക്കവണ്ണം കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചു വരുന്നു. കൂടാതെ ഇത്തരത്തിൽ ചൂഷണത്തിനിരയാകുന്ന കുട്ടികളെ ചൈൽഡ് ലൈൻ പ്രവർത്തകരുടെ സഹായത്തോടെ പുനരധിവാസ കേന്ദ്രത്തിലേക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ